# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പായിപ്ര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ എസ് എ ഇ കെ എം.(പി8)-1068/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 24/10/2025
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പായിപ്ര ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പായിപ്ര ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പായിപ്ര ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ

ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ ഇ കെ എം.(പി8)-1068/25

തീയ്യതി: 24/10/2025

## എറണാകുളം ജില്ലയിലെ പായിപ്ര ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പായിപ്ര ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-08-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.മിനു പി.കെ. | ഡെപ്യൂട്ടി ഡയറക്ടർ | 20-08-2025 | 30-08-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-08-2025 | 30-08-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. സന്തോഷ് കുമാർ കെ.വി.,ഓഡിറ്റ് ഓഫീസർ
ശ്രീ. സ്റ്റാർ പി. ജോൺ, ഓഡിറ്റ് ഓഫീസർ
ശ്രീ. നവാസ് സി.എം., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. നബീൽ മുഹമ്മദ് അബ്ബാസ്, ഓഡിറ്റർ

**(ബി)നിർവഹണാധികാരികൾ**

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പി.എം.അസീസ്. | പ്രസിഡന്റ് | 01-04-2024 | 25-02-2025 |
| ശ്രീമതി വിജി പ്രഭാകരൻ | പ്രസിഡന്റ് | 26-02-2025 | 16-03-2025 |
| ശ്രീ എം. എസ്. അലിയാർ | പ്രസിഡന്റ് | 17-03-2025 | 31-03-2025 |
| ശ്രീ.ഇ.എം.അസീസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2024 | 28-04-2024 |
| ശ്രീമതി.ഹസീന പി.മൈതീൻ | സെക്രട്ടറി | 29-04-2024 | 20-05-2024 |
| ശ്രീ.ഇ.എം.അസീസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 21-05-2024 | 11-06-2024 |

| | | | |
|---|---|---|---|
| ശ്രീമതി ഹസീന പി. മൈതീൻ | സെക്രട്ടറി | 12-06-2024 | 04-09-2024 |
| ശ്രീ. ഇ.എം.അസീസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-09-2024 | 10-09-2024 |
| ശ്രീ. ഷാജി കെ.എച്ച്. | സെക്രട്ടറി | 11-09-2024 | 31-03-2025 |

**<u>നിർവ്വഹണഉദ്യോഗസ്ഥർ</u>**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഇ.എം.അസീസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 30-09-2024 |
| ശ്രീ അഫ്സൽ എ. | അസിസ്റ്റന്റ് സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-10-2024 | 29-10-2024 |
| ശ്രീമതി.അനിത ജി നായർ | അസിസ്റ്റന്റ് സെക്രട്ടറി | 30-10-2024 | 18-01-2025 |
| ഒഴിവ് | അസിസ്റ്റന്റ് സെക്രട്ടറി | 19-01-2025 | 27-01-2025 |
| ശ്രീ രഘുനന്ദ് ബാബു കെ.ആർ | അസിസ്റ്റന്റ് സെക്രട്ടറി | 28-01-2025 | 31-03-2025 |
| ശ്രീമതി ഗ്ലാൻസി കെ മൈക്കേൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ശ്രീ ഷാനവാസ് എ . എം. | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ. ജോബി എലിസബത്ത് ജോൺ | വെറ്റിറനറി സർജൻ | 01-04-2024 | 31-03-2025 |
| ഡോ. ജോസഫ് തോമസ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| ഡോ. അനീഷ് ബേബി | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2024 | 31-03-2025 |
| ഡോ. സ്മിതാ റാണി എം.എസ്. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2024 | 31-03-2025 |
| ശ്രീമതി ലക്ഷ്മി എസ് നായർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2024 | 19-09-2024 |
| ശ്രീമതി നൈനിമോൾ ഐ.ജി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 20-09-2024 | 31-03-2025 |
| ശ്രീമതി ആതിര ചന്ദ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| ശ്രീമതി റഹീമാബീവി വി എ | ഹെഡ്മിസ്ട്രസ്സ് | 01-04-2024 | 31-03-2025 |
| ശ്രീമതി.ജാൻസി പൌലോസ് | വി.ഇ.ഒ.പായിപ്ര | 01-04-2024 | 05-09-2024 |
| ശ്രീമതി.മഞ്ചുമോൾ എം.എം. | വി.ഇ.ഒ.പായിപ്ര | 06-09-2024 | 12-09-2024 |
| ശ്രീ ജുനൈദ് ടി എസ് | വി.ഇ.ഒ.പായിപ്ര | 13-09-2024 | 31-03-2025 |
| ശ്രീമതി.മഞ്ചുമോൾ എം.എം. | വി.ഇ.ഒ.തൃക്കളത്തൂർ | 01-04-2024 | 14-10-2024 |
| ശ്രീ ജുനൈദ് ടി എസ് | വി.ഇ.ഒ.തൃക്കളത്തൂർ | 15-10-2024 | 24-11-2024 |
| ശ്രീമതി.മഞ്ചുമോൾ എം.എം. | വി.ഇ.ഒ.തൃക്കളത്തൂർ | 25-11-2024 | 01-01-2025 |
| ശ്രീ ജുനൈദ് ടി എസ് | വി.ഇ.ഒ.തൃക്കളത്തൂർ | 02-01-2025 | 19-01-2025 |

| | | | |
|---|---|---|---|
| ശ്രീമതി ശീതൾ ഗോപിനാഥ് | വി.ഇ.ഒ.തൃക്കളത്തൂർ | 20-01-2025 | 31-03-2025 |
| ശ്രീമതി അനശ്വര വി.ആർ. | വി.ഇ.ഒ.മുടവൂർ | 01-04-2024 | 18-04-2024 |
| ശ്രീമതി ശീതൾ ഗോപിനാഥ് | വി.ഇ.ഒ.മുടവൂർ | 19-04-2024 | 19-12-2024 |
| ശ്രീ. ജുനൈദ് ടി എസ് | വി.ഇ.ഒ.മുടവൂർ | 20-12-2024 | 19-01-2025 |
| ശ്രീ. ഷാനവാസ് സി എം. | വി.ഇ.ഒ.മുടവൂർ | 20-01-2025 | 31-03-2025 |
| ശ്രീമതി അനശ്വര വി.ആർ. | വി.ഇ.ഒ.മുളവൂർ | 01-04-2024 | 09-08-2024 |
| ശ്രീമതി ശീതൾ ഗോപിനാഥ് | വി.ഇ.ഒ.മുളവൂർ | 10-08-2024 | 06-10-2024 |
| ശ്രീമതി അനശ്വര വി.ആർ. | വി.ഇ.ഒ.മുളവൂർ | 07-10-2024 | 01-01-2025 |
| ശ്രീമതി ശീതൾ ഗോപിനാഥ് | വി.ഇ.ഒ.മുളവൂർ | 02-01-2025 | 14-01-2025 |
| ശ്രീ. ഷാനവാസ് സി എം. | വി.ഇ.ഒ.മുളവൂർ | 15-01-2025 | 31-03-2025 |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-1 |
| 3 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും B1 ഷെഡ്യൂളും ഉൾപ്പെടുത്തിയിട്ടില്ല. | 1-1-2 |
| 4 | Excess Of Income Over Expenditure -മുന്നിരുപ്പ് തുകയിൽ വ്യത്യാസം | 1-1-3 |
| 5 | വിവിധ ഫണ്ടിനങ്ങളിൽ നിന്നുള്ള ചെലവ് തുക വിവരങ്ങൾ പൂർണ്ണമായും സുലേഖ പത്രികയിൽ ഉൾപ്പെടുത്തുന്നില്ല. | 1-1-4 |
| 6 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളിലെ വ്യത്യാസം - രേഖകൾ ഹാജരാക്കിയില്ല. | 1-1-5 |
| 7 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല | 1-1-6 |
| 8 | സംരക്ഷണ ഗ്രാന്റിൽ നിന്നും മൂലധനചെലവുകൾ. | 1-1-7 |
| 9 | ജേർണൽ വൗച്ചറുകൾക്ക് ആധികാരികമായ രേഖകൾ സൂക്ഷിക്കേണ്ടതാണ്. | 1-1-8 |
| 10 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-9 |
| 11 | കേന്ദ്ര ധനകാര്യ കമ്മീഷൻ അവാർഡ് ചെലവ് വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല. | 1-1-10 |
| 12 | ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമാക്കി സൂക്ഷിച്ചിട്ടില്ല. | 1-1-11 |
| 13 | വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല. | 1-1-12 |
| 14 | നിക്ഷേപ പ്രവൃത്തിക്ക് നൽകിയ തുക മുൻകൂർ ശീർഷകത്തിൽ അക്കൗണ്ട് | 1-1-13 |

| | | |
|---|---|---|
| | ചെയ്യുന്നതിന് പകരം ആസ്തി ശീർഷകത്തിൽ അക്കൗണ്ട് ചെയ്തു. | |
| 15 | ബജറ്റ് | 1-2 |
| 16 | സാമ്പത്തിക വിശകലനം | 1-3 |
| 17 | ഫണ്ട് വിനിയോഗം | 1-4 |
| 18 | പദ്ധതി അവലോകനം | 1-5 |
| 19 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 20 | ക്ഷേമ പദ്ധതികൾ | 1-7 |
| 21 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 22 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 23 | ജീവനക്കാരുടെ തൊഴിൽ നികുതി പിരിച്ചിട്ടില്ല. | 1- 10 |
| 24 | വരവിനങ്ങളുടെ പരിശോധന – രേഖകൾ ഹാജരാക്കിയില്ല. | 1-11 |
| 25 | ആംബുലൻസ് രസീത്ബുക്ക് ഓഡിറ്റിന് ഹാജരാക്കിയില്ല. | 1- 12 |
| 26 | വരവിനങ്ങളുടെ പരിശോധന – കമ്മ്യൂണിറ്റി ഹാൾ വാടക പിരിവ് / രജിസ്റ്റർ പരിപാലനം അപാകതകൾ | 1-13 |
| 27 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല-₹ 60821 തടസ്സപ്പെടുത്തുന്നു. | 1-14 |
| 28 | സ്വകാര്യ സ്ഥാപനത്തിൽ നിന്നും മെഡിസിൻ, ഉപകരണങ്ങൾ നേരിട്ട് വാങ്ങി | 1-15 |
| 29 | വയോജനങ്ങൾക്ക് ഹാപ്പി ക്ലിനിക്ക് പദ്ധതി | 1-16 |
| 30 | രജിസ്റ്ററുകൾ വാങ്ങുന്നതിനുവേണ്ടി പദ്ധതി തുക വകമാറ്റി | 1-17 |
| 31 | സ്രോതസിൽ നിന്നും ജി.എസ്.ടി. കുറവ് ചെയ്തില്ല | 1-18 |
| 32 | വിരിക്കുന്ന കട്ടകളുടെ കംപ്രസീവ് സ്ട്രെങ്ത് -ടെസ്റ്റിനു വിധേയമാക്കിയിട്ടില്ല | 1-19 |
| 33 | തുക നൽകിയതിന് ശേഷം സമയബന്ധിതമായി ഭവന നിർമ്മാണം | 1-20 |

| | | |
|---|---|---|
| | പൂർത്തിയാക്കിയില്ല. | |
| 34 | വെറ്ററിനറി ക്ലർക്ക് തസ്തിക - സർക്കാർ അനുമതിയില്ലാതെയുള്ള നിയമനം | 1-21 |
| 35 | ഭിന്ന ശേഷി സ്കോളർഷിപ്പ് നൽകിയതിന്റെ രേഖകൾ സൂക്ഷിക്കുന്നതിൽ അപാകതകൾ | 1-22 |
| 36 | പ്രവൃത്തി പൂർത്തീകരിക്കാത്തതിന് പിഴ ഈടാക്കിയില്ല | 1-23 |
| 37 | മുടവൂർ എൽ.പി.സ്കൂൾ ടോയ്‌ലറ്റ് നിർമ്മാണം-7544/-രൂപ നിരാകരിക്കുന്നു. | 1-24 |
| 38 | ജൽജീവൻ മിഷൻ പദ്ധതി - അവലോകനം | 1-25 |
| 39 | ഹെൽത്ത് ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും | 1-26 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | മുടവൂർ എൽ.പി.സ്കൂൾ ടോയ്‌ലറ്റ് നിർമ്മാണം 7544/-രൂപ നിരാകരിക്കുന്നു. | 3-1 |
| **ഭാഗം 4** | | |
| 1 | മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന. | 4-1 |
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-2 |
| 3 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികളുടെ വിവരം | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-5 |
| 6 | വായ്പ / വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിരനിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-9 |
| 10 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-10 |

| | | |
|---|---|---|
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം –1

## പൊതു അവലോകനം

### 1–1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പ (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗ ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ ക പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് **30.07.20** നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി **31.07.2025** തീയതിയിൽ പിന്തുണയ്ക്കുന്ന സ സമർപ്പിക്കപ്പെട്ടിട്ടുള്ള **പായിപ്ര ഗ്രാമ**പഞ്ചായത്തിന്റെ മാർച്ച് 2025 ൽ അവസാനിച്ച വർഷത്ത പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും **31.03.2025** ത ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഇ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പ സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആ നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നര വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അ അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മിക നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം** അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക

**പായിപ്ര ഗ്രാമ** പഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യാ നൽകുന്നു.

**സ്ഥലം : കാക്കനാട്**

**തീയതി : 16.10.2025**

**ഡെപ്യൂ**

**1-1-1 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല**

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase In Cash And C ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹6010236/- ആണ്. എന്നാൽ ഇതേ പത്രിക കാലയളവിൽ "Net Cash Generated By Operating + Investing+Financing രേഖപ്പെടുത്തിയിരിക്കുന്നത് ₹(-)40740138/- ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേ തുകകളും പൊരുത്തപ്പെടുന്നില്ല.

**1-1-2 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും B1 ഷെ ഉൾപ്പെടുത്തിയിട്ടില്ല.**

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും (കേരള പ അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്). ഉൾപ്പെടുത്തിയിട്ടില്ല.

**1-1-3 Excess Of Income Over Expenditure -മുന്നിരുപ്പ് തുകയിൽ വ്യത്യാസം**

ഹെഡ് കോഡ് 310900101 (Excess Of Income Over Expenditure) ട്രയൽ ബാലസ് ലെഡ്ജറി രേഖപ്പെടുത്തിയിട്ടുള്ളത് Opening(Cr) ആയി ₹4,46,37,198/- യും Opening(Dr) ആയി ₹39, എന്നാൽ 2023-24 വാർഷിക ധനകാര്യ പത്രിക ട്രയൽ ബാലസ് ലെഡ്ജറിലെ പ്ര Closing(Dr) ൽ രേഖപ്പെടുത്തിയിട്ടുള്ള ക്ലോസിംഗ് ബാലൻസ് തുക ₹16,14,046/- യ ഓപ്പണിംഗ് ബാലൻസ് മുൻവർഷ ക്ലോസിംഗ് ബാലൻസ് വരുന്നതിനു പകരം തൻവർഷ തെറ്റായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അപാകത സൂചിപ്പിച്ച് 27.08.2025 ൽ 16-ാം അന്വേഷണകുറിപ്പ് നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

**1-1-4 വിവിധ ഫണ്ടിനങ്ങളിൽ നിന്നുള്ള ചെലവ് തുക വിവരങ്ങൾ പൂർണ്ണമായും സുലേഖ പ ഉൾപ്പെടുത്തുന്നില്ല.**

ഈ ഗ്രാം സ്വരാജ് പോർട്ടലിലെ വിവര പ്രകാരവും എ സി ആർ ചെലവ് വന്നിട്ടുള്ളതുമാ സുലേഖ പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത പ്രോജക്ട് വിവരം സുലേഖ പത്രിക ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ നം.,പേര് | SO0112/25(സ്പിൽഓവർ),<br>ഗാർഹിക ശൗചാലയങ്ങളുടെ അറ്റകുറ്റപ്പണി |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഓ |
| അടങ്കൽ | ₹11,64,370/- (ധനകാര്യകമ്മീഷൻ അവാർഡ്)<br>₹15,78,750/- (കേന്ദ്രവിഷ്കൃത ഫണ്ട്) |
| ചെലവ് | ₹1,35,000/- (ധനകാര്യകമ്മീഷൻ അവാർഡ്) |
| ബിൽ നം/തീയതി/തുക<br>(എ സി ആർ) | 434/17.02.2025 / 5000/-<br>652/ 29.03.2025 / 1,35,000/- |

എന്നാൽ ഈ ഗ്രാം സ്വരാജ് പോർട്ടൽ പ്രകാരം അഷറഫ് പി പി എന്ന വ്യക്തിക്ക് പ്രോജക്ടിനായി നൽകിയിട്ടുണ്ട്. കൂടാതെ കേന്ദ്രാവിഷ്കൃത ഫണ്ടിനത്തിൽ നിന്നും നൗ ഗുണഭോക്താവിനും ₹5000/- നൽകിയിട്ടുള്ളതാണ്. പ്രസ്തുത സ്പിൽ ഓവർ പ്രോജക്ടിലേക്ക ചെലവഴിച്ചിട്ടുള്ളത് ആകെ ₹1,45,000/- യാണ്. എന്നാൽ ധനകാര്യകമ്മീഷൻ അവാ ₹1,35,000/- (ബിൽ നം/തീയതി-652/ 29.03.2025) മാത്രമാണ് സുലേഖ രേഖപ്പെടുത്തിയിട്ടുള്ളത്. 30.08.2025 ൽ നൽകിയ 27-ാം നമ്പർ ഓഡിറ്റ് അന്വേഷണം ലഭ്യമാക്കിയില്ല.

**1-1-5 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളിലെ വ്യത്യാസം - രേഖകൾ ഹാജരാം**

വാർഷിക ധനകാര്യ പത്രികയിലെ ഷെഡ്യൂൾ ബി-18 (Loans, Advances And Deposits) ഹെഡ് കോഡ് 460500202 (Advance To Implementing Agencies - Deposit With Kerala ൽ മുൻവർഷത്തെ തുകയേക്കാൾ ₹27,930/- കുറവായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കിയില്ല.

**1-1-6 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല**

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉ ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടു ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് പഞ്ചായത്ത ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2025 ലെ ബാലൻസ് ഷീറ്റ് പ്രകാരമു വിവരത്തിന്റേയും മൂല്യത്തിന്റേയും ആധികാരികതയും കൃത്യതയും വ്യക്തമല്ല. ILGMS-ൽ തയ്യാറാക്കിയ ശേഷം കൃത്യമായി വർഗ്ഗീകരിച്ച ആസ്തികളുടെ വിവരവും മൂല്യവും അക്കൗണ്ട്

**1-1-7 സംരക്ഷണ ഗ്രാന്റിൽ നിന്നും മൂലധനചെലവുകൾ.**

സംരക്ഷണ ഗ്രാന്റ് വിനിയോഗിക്കേണ്ടത് സംരക്ഷണ പ്രവൃത്തികൾക്കും മറ്റുമാണ പ്രവൃത്തികൾക്ക് വിനിയോഗിക്കുന്ന തുകകൾ റവന്യൂ ചെലവായാണ് അക്കൗണ്ട്സിൽ രേ

എന്നാൽ സംരക്ഷണ ഗ്രാന്റിൽ (റോഡിതരം) ഓഡിറ്റ് വർഷത്തിൽ ₹6,25,073/- മൂല
ഉൾപ്പെടുത്തിയിട്ടുണ്ട്.

**1-1-8 ജേർണൽ വൗച്ചറുകൾക്ക് ആധികാരികമായ രേഖകൾ സൂക്ഷിക്കേണ്ടതാണ്.**

പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം (7) പ്രകാരം ജേർണൽ വൗച്ചറുകൾ
വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ
സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം അനുബന്ധരേഖകൾ ഇല്ലാതെയാണ് ജേർ
രേഖപ്പെടുത്തുന്നത്. എല്ലാ ജേർണൽ വൗച്ചറുകൾക്കും ആധികാരികമായ വൗച്ചറുകൾ,
എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

**1-1-9 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല**

വർഷാരംഭത്തിൽ പ്രതീക്ഷിത വരവിനനുസരിച്ചും സമയാസമയങ്ങളിൽ ഡ
വ്യത്യാസത്തിനനുസരിച്ചും ജേർണൽ എൻട്രികളിലൂടെ സമയബന്ധിതമായി ഡിമാന്റ് രേ
ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പൊ
നടത്തുന്നില്ല. വർഷാവസാനം സാംഖ്യാ അക്കൗണ്ട് പ്രകാരമുള്ള വരവ് തന്നെ ഡിമാന്റ് ആ
സ്റ്റേറ്റ്മെന്റുകൾ രജിസ്റ്ററിൽ ചേർക്കുകയാണ് ചെയ്യുന്നത്. സമയബന്ധിതമായി ഡിമാന്റ് രേ
നടപടി സ്വീകരിക്കേണ്ടതാണ്.

**1-1-10 കേന്ദ്ര ധനകാര്യ കമ്മീഷൻ അവാർഡ് ചെലവ് വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല.**

കേന്ദ്ര ധനകാര്യ കമ്മീഷൻ അവാർഡ് (ടൈഡ്) ചെലവ് വിവരങ്ങൾ സുലേഖ ചെലവ്
പൊരുത്തപ്പെടുന്നില്ല.

**1-1-11 ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമാക്കി സൂക്ഷിച്ചിട്ടില്ല.**

വാർഷിക ധനകാര്യ പത്രികയിലെ ബി.7 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പുള്ള എല്ലാ ബ
സംബന്ധിച്ച വിശദാംശങ്ങൾ ഉൾപ്പെടെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

**1-1-12 വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല.**

വസ്തുനികുതി കണക്കുകൾ വാർഷിക ധനകാര്യപത്രിക, സഞ്ചയകണക്കുകളും തമ്മിൽ പൊര

**1-1-13 നിക്ഷേപ പ്രവൃത്തിക്ക് നൽകിയ തുക മുൻകൂർ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യുന്ന ആസ്തി ശീർഷകത്തിൽ അക്കൗണ്ട് ചെയ്തു.**

പ്രോജക്ട് നം. S0401/25 പ്രകാരം ₹60821/- രൂപ ഇലക്ട്രിക് പോസ്റ്റ് സ്ഥാപിക്കൽ വാർഡ് 1
എന്ന പ്രോജക്ടിനായി കേരള വൈദ്യുതി ബോർഡിന് ഡെപ്പോസിറ്റ് നൽകിയിട്ടുണ്ട്. ഈ
Implementing Agencies- Deposit With Accredited Agencies എന്ന ശീർഷകത്ത
ചെയ്യുന്നതിന് പകരം ബന്ധപ്പെട്ട ആസ്തി ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തത്. അ

പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ചെലവ് തുക ഉൾപ്പെടുത്തേണ്ടതാണ്.

## 1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള ബജറ്റ് എസ്റ്റിമേറ്റ് 07.02.2024 ൈ തീരുമാനപ്രകാരം ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി അംഗീകരിച്ച് പഞ്ചായത്ത് കമ്മിറ്റിക്ക് ആയത് 09.02.2024 ലെ 1-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ചെയ്തിട്ടുണ്ട്.

പ്രസ്തുത ബജറ്റ് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 13.03.2025 ലെ 1-ാം നമ്പർ തീരുമാനപ്രക പഞ്ചായത്ത് കമ്മിറ്റിക്ക് സമർപ്പിക്കുകയും ആയത് പഞ്ചായത്ത് കമ്മിറ്റി 15.03.2025 ൈ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുമുണ്ട്.

| | ബജറ്റ് എസ്റ്റിമേറ്റ് | റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് |
|---|---|---|
| മുന്നിരുപ്പ് | ₹40,53,520 | ₹2,66,16,988 |
| വരവ് | ₹45,42,04,000 | ₹35,74,96,171 |
| ആകെ | **₹45,82,57,520** | **₹38,41,13,159** |
| ചെലവ് | ₹45,01,29,010 | ₹36,76,32,274 |
| നീക്കിയിരുപ്പ് | ₹81,28,510 | ₹1,64,80,885 |

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 214 ൽ, പഞ്ചായത്ത് രാജ് സ്ഥാപ നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന ന വിധേയമായി തയ്യാറാക്കുന്നതിനും ആയതിന് അനുമതി നൽകുന്നതിനും നിഷ്കർഷിച്ച പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ബജറ്റ് ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടില്ല.

**ബജറ്റ് റിവിഷൻ - മുന്നിരിപ്പു തുകയിലെ വ്യത്യാസം**

ബജറ്റ് റിവിഷനിൽ സാധാരണയായി നടപ്പ് ബജറ്റിലുള്ള വരവിലെയോ ചെലവിലെ ഇനങ്ങളിൽ മാത്രമാണ് മാറ്റം വരുത്താറുള്ളത്. ആയതിനാൽ റിവിഷനിൽ യഥാർത്ഥ ബ ചെലവിലും നീക്കിയിരുപ്പിലും വ്യത്യാസം ഉണ്ടാകുന്നുണ്ടെങ്കിലും മുന്നിരുപ്പിൽ വ്യത്യാസ എന്നാൽ 24-25 വാർഷിക ബജറ്റ് റിവൈസ് ചെയ്തപ്പോൾ മുന്നിരുപ്പിൽ വ്യത്യാസം കാണുന്നു. വ്യത്യാസം സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെയോ പഞ്ചായത വിശേഷാൽ തീരുമാനം ഒന്നും തന്നെ ഉണ്ടായിട്ടുമില്ല.

## 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരുപ്പ് | : | ₹4,93,63,417.00 |
| ഓഡിറ്റ് വർഷത്തെ വരവ് | : | ₹9,65,10,243.00 |

| | | |
|---|---|---|
| ആകെ | : | ₹14,58,73,660.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | ₹9,05,00,007.00 |
| നീക്കിയിരുപ്പ് | : | ₹5,53,73653.00 |

ഓഡിറ്റ് വർഷത്തെ ആകെ വരവ് ആകെ ചെലവ് എന്നിവ വാർഷിക ധനകാര്യപത്രികയ് പേയ്മെന്റ് അക്കൗണ്ടിൽ നിന്നും എടുത്തിട്ടുള്ളതാണ്. ഈ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത വരുന്ന ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | ബാങ്ക് നീക്കിയിരുപ്പ് | ലാപ് തു |
|---|---|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 0 | 20407465+ 5277132 | 25684597 | 25684593 * | 04 | |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 5978076+ 1003924 | 6982000 | 6982000 ** | 0 | |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 89106+ 15677 | 104783 | 104783 *** | 0 | |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 41744000 | 41744000 | 35885342 | 0 | 585 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ-റോഡ്) | 0 | 9374000 | 9374000 | 6700856 **** | 0 | 26 |
| സി.എഫ്.സി – ബേസിക്ക്(ബാങ്ക്) | 4107919 | 4692035 (318035 (പലിശ)) | 8799954 | 1455840* | 7344114 | |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied-ട്രഷറി) | 0 | 509 | 509 | 0 | 0 | |
| സി.എഫ്.സി –ടൈഡ് | 10503246 | 10178000 | 20681246 | 5107140 | 15574106 ***** | |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied-ട്രഷറി) | 0 | 87207 | 87207 | 0 | 0 | |

| | | | | | | |
|---|---|---|---|---|---|---|
| പേഴ്സൺസ് വിത്ത് ഡിസെബിലിറ്റി (320100145) | 408398 | 1,250,000.00 | 1658398 | 0 | 1658398 | |
| അദർ സ്കീംസ് (320100152) | 1250000 | 130829 | 1380829 | 1380829 | 0 | |
| റൂറൽ ഹൌസിങ്ങ് (320100160) | 527855 | 2,00,000 | 7,27,855 | 6,00,000 | 127855 | |
| ടോട്ടൽ സാനിട്ടേഷൻ (320100181) | 2579728 | 0 | 2579728 | 2579728 | 0 | |
| വിമുക്തി (320100190) | 35295 | 0 | 35295 | 0 | 35295 | |
| ഐ.സി.ഡി.എസ്. (320100196) | 1733807 | 36,80,411 | 5414218 | 2338150 | 3076068 | |
| ലിറ്ററസി സ്കീം ഗ്രാന്റ് (320100197) | 3557 | 0 | 3557 | 0 | 3557 | |
| ഹെൽത്ത് ഡയഗ്നോസ്റ്റിക് ഗ്രാന്റ് (320100202) | 1101145 | 552628 | 1653773 | 71745 | 1582028 | |
| ഹെൽത്ത് ഗ്രാന്റ് വെൽനെസ് (320100204) | 544970 | 817512 | 1362482 | 32105 | 1330377 | |
| സോളിഡ് വേസ്റ്റ് മാനേജ്മെന്റ് (320200304) | 1000000 | 0 | 1000000 | 1000000 | 0 | |
| ലോക്കൽ ഏരിയ ഡെവലപ്പ്മന്റ് ഫണ്ട് (320200306) | 43584 | 0 | 43584 | 0 | 43584 | |
| സ്പെസിഫിക് പർപ്പസ് (320200399) | 100000 | 0 | 100000 | 100000 | 0 | |
| സ്പെസിഫിക് പർപ്പസ് അദർ ഗവ. ഏജൻസീസ് (320300199) | 590167 | 0 | 590167 | 0 | 590167 | |

*കുറിപ്പ്:*

* 1. വികസന ഫണ്ട് ജനറൽ വരവിലും ചെലവിലും ഉത്ഭവത്തിൽ കുറവ് ചെയ്ത് ജി.ഒ. 
ക്രമീകരിച്ച ₹5277132 ഉൾപ്പെടുന്നുണ്ട്.

2. വികസന ഫണ്ട് ജനറൽ ഗ്രാന്റ് ചെലവ്- ₹889274 മൂലധന ചെലവ് ഉൾപ്പെടുന്നതാണ്.

**വികസന ഫണ്ട് എസ്.സി.പി. വരവിലും ചെലവിലും ഉത്തരവത്തിൽ കുറവ് ചെയ്ത് ജി.ഒ. ( ക്രമീകരിച്ച ₹1003924 ഉൾപ്പെടുന്നുണ്ട്.

***വികസന ഫണ്ട് ടി.എസ്.പി. വരവിലും ചെലവിലും ഉത്തരവത്തിൽ കുറവ് ചെയ്ത് ജി.ഒ. ( ക്രമീകരിച്ച ₹15677 ഉൾപ്പെടുന്നുണ്ട്.

**** മെയിന്റനൻസ് ഗ്രാന്റ് (നോൺ-റോഡ്) ചെലവ്- ₹625073 മൂലധന ചെലവ് ഉൾപ്പെടുന്ന

***** സി.എഫ്.സി.ടൈഡ് ഗ്രാന്റ്, ₹ 7344114 മൂലധന ചെലവ് ഉൾപ്പെടുന്നതാണ്.

സി.എഫ്.സി.ടൈഡ് ഗ്രാന്റ് മുന്നിരിപ്പ് തുക മുൻ വർഷത്തെ വാർഷിക കണക്കിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല. മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിൽ നീക്കിയിരിപ്പ് തുകയ പരാമർശിച്ചിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | പൂർണ്ണമായി നടപ്പാക്കിയത് എണ്ണം | ഭാഗികമായി നടപ്പാക്കിയത് എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂ ശ്രേ |
|---|---|---|---|---|---|---|
| 384 | 27,55,26,016 | 12,99,05,783 | 146 | 99 | 139 | |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയി |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 1205817 | 1205817 | 1205817 | |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0<br>0 | 40533996 | 40533996 | 40533996 | |
| **ആകെ** | 0 | 41739813 | 41739813 | 41739813 | |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണ |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകത്തൊഴിലാളി പെൻഷൻ | 8685800 | 551 |
| വിധവാപെൻഷൻ | 21866200 | 1454 |
| വാർദ്ധക്യകാലപെൻഷൻ | 52214600 | 3550 |
| വികലാംഗപെൻഷൻ | 10051800 | 639 |
| അവിവാഹിത പെൻഷൻ | 462000 | 15 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യ
പരിശോധന 27.08.2025 തീയതിയിൽ ഉച്ചയ്ക്ക് 3.00 പി.എം. സമയത്ത് ഹെ
സാന്നിദ്ധ്യത്തിൽ നടത്തി. ക്യാഷ് ബാലൻസ് ₹1,580.00 ന്റെ കൃത്യത പരിശോധനയിൽ ബേ

## 1-9 ആഭ്യന്തര നിയന്ത്രണം

**1. പദ്ധതി മോണിറ്ററിങ്ങ് സംവിധാനം കാര്യക്ഷമമല്ല :**

വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ ((
ബന്ധപ്പെട്ട മോണിറ്ററിങ്ങ് സമിതികൾ വിലയിരുത്തുന്നില്ല. മോണിറ്ററിങ്ങ് സമിതിം
പ്രോജക്ടുകളുടെ എല്ലാ നിർവ്വഹണ ഘട്ടങ്ങളും വിലയിരുത്തി റിപ്പോർട്ട് തയ്യാറാക
കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ടതാണ്.

**2. ഓഡിറ്റ് റിപ്പോർട്ടുകളുടെ തീർപ്പാക്കൽ- കാര്യക്ഷമമല്ല:**

ഗ്രാമപഞ്ചായത്തിന്റെ 1997-98 മുതൽക്കുള്ള വിവിധ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ
അവശേഷിക്കുന്നുണ്ട്. പഞ്ചായത്തിന് ലഭിക്കുന്ന വാർഷിക ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ
തുടർനടപടികൾ യഥാസമയം തന്നെ സ്വീകരിക്കപ്പെടാത്തതാണ് ഇത്രയധികം ഓഡി
തീർപ്പാക്കപ്പെടാതെ അവശേഷിക്കുന്നത്. 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശേ
ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ ചട്ടം 21 പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് രണ
റിപ്പോർട്ടിൽ പ്രതിപാദിക്കുന്ന പരാമർശങ്ങളിന്മേലുള്ള തിരുത്തൽ നടപടികൾ
സ്വീകരിക്കേണ്ടതും റിപ്പോർട്ട് ഓഡിറ്റർക്ക് നൽകേണ്ടതുമാണ്. ഓഡിറ്റ് റിപ്പോർട്ടുകൾ തീർ
ബന്ധപ്പെട്ടിട്ടുള്ള അഭ്യന്തര നിയന്ത്രണ ഉപാധികളായ ഈ ചട്ടം പഞ്ചായത്ത് പാലിക്കുന്നി
അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ ചട്ടപ്രകാരം തീർപ്പാക്കുന്നതിന
സ്വീകരിക്കേണ്ടതാണ്.

**3.** അഡ്വാൻസ് രജിസ്റ്റർ, ബിൽ രജിസ്റ്റർ മുതലായ പ്രധാന രജിസ്റ്ററുകളിൽ എല്ലാ വിവരം
രേഖപ്പെടുത്തി സൂക്ഷിച്ചുകാണുന്നില്ല. ആയത് കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

**4.** കണക്കുകൾ ടാലി ആക്കുന്നതിനായി അനുയോജ്യമല്ലാത്ത ഹെഡ്ഡുകളിൽ ജർണൽ എൻ
പ്രവണത ഉള്ളതായി ബോധ്യപ്പെടുന്നു. കൃത്യമായ ഹെഡ്ഡുകളിൽ മാത്രം ജർണൽ എൻട്രികം
ശ്രദ്ധിക്കേണ്ടതാണ്.

**5.** ആംബുലൻസ് വരവ് ചെലവ് കണക്കുകൾ കൃത്യമായി നിരീക്ഷിക്കേണ്ടതും ആയ
അവതരിപ്പിക്കേണ്ടതുമാണ്.

## 1- 10 ജീവനക്കാരുടെ തൊഴിൽ നികുതി പിരിച്ചിട്ടില്ല.

2024-25 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന (
ജീവനക്കാരുടെ തൊഴിൽ നികുതി പിരിച്ചിട്ടില്ലാത്തതാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് /തൊഴിൽ നികുതി രജിസ്റ്റർ പേജ് നം. | പിരിച്ച അർദ്ധവർഷം /തുക | രസീത് നം. /തീയതി | പിരിക്കാ അർദ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | വർഷ |
| 1 | M/S ഗ്രാൻഫീൽഡ് പ്ലൈവുഡ്സ്, പേഴക്കാപ്പിള്ളി/48 | ഒന്നാം അർദ്ധവർഷം / 1200 | 1240802992 /29-08-2024 | രണ്ടാ അർദ്ദ വർഷ |
| 2. | പീവീസ് പ്ലൈവുഡ്സ് /49 | ഒന്നാം അർദ്ധവർഷം / 1200 | 124080420 /23-07-2024 | ” |
| 3 | M/S PKP ട്രേഡേഴ്സ്, മാനാറി/49 | ഒന്നാം അർദ്ധവർഷം / 3850 | 1240803383 /18-09-2024 | ” |
| 4 | M/S തോട്ടത്തിൽ ഇൻഡസ്ട്രീസ്, പേഴയ്ക്കാപ്പിള്ളി /49 | ഒന്നാം അർദ്ധവർഷം / 1950 | 1240803259 /10-09-2024 | ” |
| 5 | M/S മൈക്രോ പ്ലൈവുഡ്സ്, മാനാറി /50 | ഒന്നാം അർദ്ധവർഷം / 3510 | 1240802406 /22-07-2024 | ” |
| 6 | ഇലാഹിയ ലോ കോളജ് /50 | രണ്ടാം അർദ്ധവർഷം /6550 | 1240808459 /26-03-2025 | ഒന്നാ അർദ്ധവ |
| 7 | അപ്പോളോ ഫാർമസി /51 | ഒന്നാം അർദ്ധവർഷം / 4000 | 1240800552 /23-04-2024 | രണ്ടാ അർദ്ധവ |
| 8 | സബൈൻ ഹോസ്പിറ്റൽ കാന്റീൻ /51 | ഒന്നാം അർദ്ധവർഷം / 1140 | 1240800711 /05-05-2024 | ” |
| 9 | ഡോ.ജാസ്,ഡെന്റൽ ക്ലിനിക് /52 | ഒന്നാം അർദ്ധവർഷം / 450 | 1240800858 /09-05-2024 | ” |
| 10 | പൾസ് ഓട്ടാമോബൈൽസ് /52 | ഒന്നാം അർദ്ധവർഷം / 4350 | 1240802181 /11-07-2024 | ” |
| 11 | വുഡ് ലാന്റ് വുഡ് വേയ്സ്/53 | ഒന്നാം അർദ്ധവർഷം / 3510 | 1240802407 /22-07-2024 | ” |
| 12 | ആയുഷ് പി.എച്ച്.സി.(ഹോമിയോ)/53 | ഒന്നാം അർദ്ധവർഷം / 2750 | 1240802907 /23-08-2024 | ” |
| 12 | GAC പായിപ്ര /53 | ഒന്നാം അർദ്ധവർഷം / 6250 | 1240802935 /27-08-2024 | ” |
| 13 | മാർക്ക് പ്ലൈവുഡ്സ് /54 | ഒന്നാം അർദ്ധവർഷം / 5250 | 1240803054 /311-08-2024 | ” |
| 14 | ആമ്പിൾ പ്ലൈവുഡ് /55 | ഒന്നാം അർദ്ധവർഷം / 1320 | 1240803080 /03-09-2024 | ” |
| 15 | ബെസ്റ്റ് വുഡ് പ്രൊഡക്ട്സ്/55 | ഒന്നാം അർദ്ധവർഷം / 1500 | 1240803105 /03-09-2024 | ” |
| 16 | ഗ്രാന്റ് വുഡ് പ്രൊഡക്ട്സ് /56 | ഒന്നാം അർദ്ധവർഷം / 1560 | 1240803104 /03-09-2024 | ” |
| 17 | സഹാറ അപ്പാറൽസ് /57 | ഒന്നാം അർദ്ധവർഷം / 600 | 1240803243 /10-09-2024 | ” |
| 18 | തെക്കേക്കര ഗാർമെന്റ്സ് /56 | ഒന്നാം അർദ്ധവർഷം / 540 | 1240803283 /11-09-2024 | ” |
| 19 | സ്പാരോസ് അപ്പാരൽസ് /57 | ഒന്നാം അർദ്ധവർഷം / 540 | 1240803284 /11-09-20245 | ” |

| | | | | |
|---|---|---|---|---|
| 20 | ചാട്ടയിൽ ഫുഡ്സ് /57 | ഒന്നാം അർദ്ധവർഷം / 3150 | 1240803308 /11-09-2024 | ” |
| 21 | മാനാറി മെറ്റൽ സാന്റ് /57 | ഒന്നാം അർദ്ധവർഷം / 840 | 1240803387/ 18-09-2024 | ” |
| 22 | RPPMSL Smark Point Mall/58 | ഒന്നാം അർദ്ധവർഷം / 4830 | 1240803632 /25-09-2024 | ” |
| 23 | അറഫ കോളേജ്/60 | ഒന്നാം അർദ്ധവർഷം / 8450 | 1240803809 /09-10-2024 | ” |
| 24 | സപ്ലൈക്കോ മാവേലി സ്റ്റോർ, മുളവൂർ/62 | ഒന്നാം അർദ്ധവർഷം / 2450 | 1240806075, 76,77/22-02-2025 | ” |
| 25 | കൈരളി പ്ലൈ വുഡ്സ് /63 | രണ്ടാം അർദ്ധവർഷം / 3750 | 1240806547 /03-03-2025 | ഒന്നാ അർദ്ധവ |
| 26 | മുളവൂർ അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് കോ.ഓപ്പറേറ്റീവ് സൊസൈറ്റി /64 | രണ്ടാം അർദ്ധവർഷം / 6250 | 1240807211, 12/11-03-2025 | ” |
| 27 | ഗുഡ് വിൽ പോയിന്റ്/64 | ഒന്നാം അർദ്ധവർഷം/ 2250 | 1240802754 /14-09-2024 | രണ്ടാ അർദ്ധവ |
| 28 | പാലിയേറ്റീവ് കെയർ ഡ്രൈവർ/65 | ഒന്നാം അർദ്ധവർഷം/1000 | 1240803697 /03-102024 | ” |
| 29 | പായിപ്ര ഗ്രാമീണ കോ ഓപ്പറേറ്റീവ് സൊസൈറ്റി/65 | ഒന്നാം അർദ്ധവർഷം/1200 | 1240803655 /30-09-2024 | ” |

മേൽ വിവരിച്ച സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി പിരിക്കാത്തതിന് വിശദീകര അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 26 തീയ മറുപടി ലഭ്യമാക്കിയില്ല. ബന്ധപ്പെട്ട സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11 വരവിനങ്ങളുടെ പരിശോധന - രേഖകൾ ഹാജരാക്കിയില്ല.

വരവിനങ്ങളുടെ പരിശോധനയുടെ ഭാഗമായി ചുവടെ ചേർക്കുന്ന വരവിനങ്ങളുടെ വിവരങ്ങ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ലാത്തതാണ്. രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് എൻക്വയറി നം 2/23-08-2025 ന് മറുപടി ലഭ്യമാക്കുകയോ രേഖകൾ ചെയ്തിട്ടില്ലാത്തതാണ്.

ഹെഡ് - Sale & Hire Charges

| ഇനം | ഹെഡ് | [illegible] |
|---|---|---|
| Receipts From Sale Of Other Products | 150100199 | 8 |
| Receipts From Sale Of Timber | 150100110 | |
| Receipts From From Sale Of Tender Froms | 150110101 | |
| Receipts From Sale Of Scrap / Empties And Waste Materials | 15020102 | 26 |

| Receipts From Auction Of Obsolete Assets | 15020103 | 6 |
|---|---|---|

രേഖകൾ ഓഡിറ്റിനായി ഹാജരാക്കാത്തതിനാൽ വരവിനത്തിൽ ലഭിച്ച മേൽ വരവിനങ്ങ
പരിശോധിക്കാൻ സാധിച്ചിട്ടില്ലാത്തതാണ്.

**1- 12 ആംബുലൻസ് രസീത്ബുക്ക് ഓഡിറ്റിന് ഹാജരാക്കിയില്ല.**

രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ മുൻസാമ്പത്തിക വർഷത്ത് Ambulance Service Receipt എന്ന് രേഖപ്പെടുത്തി 10 രസീത് ബുക്കുകൾ ലഭിച്ചതായും, അതി നം. 1 ഇഷ്യൂ ചെയ്തതായും, സ്വീകരിച്ചതിന് ഒപ്പ് രേഖപ്പെടുത്തിയതായും പരിശോധനയി എന്നാൽ ഇത് കൈപ്പറ്റിയത് ആരെന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ല. തൻവർഷത്തെ പരിശോധനയിൽ പേജ് 16 ൽ രസീത് ബുക്ക് നം. 2 മുതൽ 10 വരെയുള്ളവയുടെ വി രേഖപ്പെടുത്തിക്കാണുന്നത്. മുൻപ് ഇഷ്യൂ ചെയ്ത രസീത് ബുക്ക് നം. 1 ഉം, ടി രസീത് പ്രക വിവരങ്ങളും പരിശോധനക്ക് ഹാജരാക്കിയില്ല. രസീത് ബുക്ക് നം. 1, 29-08-2025 ഹാജരാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 23/29-08- ലഭ്യമാക്കുകയോ, രസീത് ബുക്ക് ഓഡിറ്റിന് ഹാജരാക്കുകയോ ചെയ്തിട്ടില്ല. ആംബുലൻസ് സംബന്ധിച്ച് വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.3/26-08- ലഭ്യമാക്കിയില്ല. ഇത്തരത്തിൽ ഗ്രാമ പഞ്ചായത്തിൽ പരിപാലിച്ചിരിക്കുന്ന രണ്ട് സ്റ്റോ പ്രകാരം രസീത് ബുക്കുകൾ പത്ത് എണ്ണം ലഭിച്ചതായും ആദ്യ രസീത് ബുക്ക് ഇ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും രസീത് ബുക്ക് നമ്പർ 1 ഓഡിറ്റ് അവസാനിക്കുന്ന ഹാജരാക്കിയിട്ടില്ലാത്തതാണ്. മേൽ വിഷയത്തിൽ സമഗ്രമായ അന്വേഷണം നടത്തുകയു കണ്ടെത്തി പിരിച്ച തുകകൾ പഞ്ചായത്തിലേക്ക് അടവാക്കിയിട്ടുണ്ടോ എന്ന് ഉറ അല്ലാത്തപക്ഷം ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ആയത് ഫലപ്രാപ്തിയി കമ്മിറ്റി വിഷയം ചർച്ചചെയ്ത് ഉത്തരവാദിയായവർക്കെതിരെ ഉചിതമായ നടപടികൾ സ്വീക പ്രസ്തുതവിഷയത്തിൽ സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആംബുലൻസിന് 2024-25 വർഷം ആം വരവുള്ളതായി വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിട്ടുണ്ട്(ഹെഡ് - Sale And

1. ആംബുലൻസ് സേവനത്തിന് വേണ്ടി രസീത് അടിച്ചത് 9 എണ്ണം ഓഡിറ്റിന് ഹാജരാക്ക നം 2 മുതൽ 10 വരെയും രസീതി നം. 51 മുതൽ 500 വരേയും). രസീത് ബുക്കുകൾ പ്രിന്റ് നൽകിയ വൌച്ചർ, ബില്ലുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

2. സ്റ്റോക്ക് രജിസ്റ്റർ പേജ് നം. 16 ൽ 11-07-2025 ൽ ബുക്ക് നം. 2 രസീത് 1 മുതൽ രേഖപ്പെടുത്തി ഷഹബാസ്, ഡ്രൈവർക്ക് (താത്ക്കാലിക) ഇഷ്യൂ ചെയ്തിട്ടുണ്ട്. ഓഡിറ്റ് രസീത് ബുക്ക് 2 പരിശോധിച്ചതിൽ പ്രസ്തുത ബുക്കിൽ 51 മുതൽ 100 വരെ രസീതികളാണ് ഉ വരെയുള്ള രസീതികൾ സംബന്ധിച്ച വിവരം ഓഡിറ്റിന് ലഭ്യമാക്കിയില്ല. രസീത് ബുക്കു

വേരിഫിക്കേഷൻ നടത്തി ആകെ 2 മുതൽ 10 വരെ ബുക്കുകൾ ആണ് പരിശോധിച്ചിട്ടുള്ളതാണ്.

3. 2024-25 വർഷം ആംബുലൻസ് സർവ്വീസ് വഴി ലഭിച്ച 27370/- രൂപയുടെ രസീത് വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

4. ആംബുലൻസ് സേവനത്തിന് ചാർജ്ജ് ഈടാക്കുന്നത് സംബന്ധിച്ച് ഗ്രാമ പഞ്ചായ( തീരുമാനങ്ങൾ/ഉത്തരവുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല. ആംബുലൻസ് പരിപാലന ഫയലുകളും ഓഡിറ്റിന് ഹാജരാക്കിയില്ല. ആംബുലൻസിന്റെ നടത്തിപ്പുമായി ബ( കൊടുത്തിരിക്കുന്ന അപാകതകൾ കൂടി പരിശോധനയിൽ കണ്ടു.

1) വാഹനത്തിന്റെ (നം.KL 41 G 3555) ലോഗ് ബുക്ക് പരിശോധിച്ചതിൽ നിന്നും 01.04.2024 വരെ 88142 കിലോമീറ്ററും 20.8.2025 വരെ 97037 കി. മീറ്ററും വാഹനം ( രേഖപ്പെടുത്തിയിട്ടുണ്ട്. ലോഗ് ബുക്കിൽ വാഹനത്തിൽ ഇന്ധനം നിറച്ച വിവരങ്ങൾ (ഇന്ധ( തുക, ബിൽ നമ്പർ, ഇന്ധനം നിറച്ച തീയതി) എന്നിവ എഴുതിത്തയ്യാറാക്കി സെക്രട്ടറി നാളിതുവരേയും സൂക്ഷിച്ചിട്ടില്ല.

2) Hire Charges Of Ambulance ന്റെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും വിവിധ തീയത് ഓടിയതു പ്രകാരം ലഭിച്ച വാടകയിനത്തിലുള്ള തുക അടവാക്കിയത് രേഖപ്പെടുത്തിയിട്ടുണ്ട്. ബുക്ക് പരിശോധിച്ചതിൽ നിന്നും ലെഡ്ജർ പ്രകാരം രേഖപ്പെടുത്തിയ തീയതികൾ കൂടാ( ദിവസങ്ങളിലും വാഹനം ഓടിയതായി രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ ആ ദിവസങ്ങളിലെ പഞ്ചായത്തു ഫണ്ടിൽ അടവാക്കിയിട്ടില്ല.ആംബുലൻസ് ഡ്രൈവറോട് അന്വേഷിച്ചതിര ഓടിയത് സൌജന്യ ഓട്ടങ്ങൾ ആണെന്ന വാക്കാൽ അറിയിച്ചു. എന്നാൽ സൗജന്യ ഒ( സംബന്ധിച്ച രേഖകളൊന്നും തന്നെ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

ലോഗ്ബുക്കിലെ താഴെ പറയുന്ന രേഖപ്പെടുത്തലുകൾ, ലോഗ്ബുക്ക് കൈകാര്യം ( അശ്രദ്ധമായിട്ടാണ് എന്ന വസ്തുത വ്യക്തമാക്കുന്നു.

“08.06.2024 ൽ ആംബുലൻസ് പനന്താനം വർക്ക്ഷോപ്പിൽ കയറ്റുകയും 24.09.2024 ര പനന്താനം വർക്ക്ഷോപ്പിൽ നിന്ന് ആംബുലൻസ് തന്നിട്ടുണ്ട്. Time 5 മണിക്ക്. 25.09.20 ഇപ്രകാരം ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അടുത്ത പേജിൽ 1. പനന്താനം Wo( വർക്ക്ഷോപ്പ് വൈറ്റില, 3. റിട്ടേൺ പഞ്ചായത്ത് 4. സ്റ്റിക്കർ വർക്ക് മൂവാറ്റുപുഴ, 5. ദിവ്യ ഡ( 6. ഫുൾ സർവ്വീസ് മൂവാറ്റുപുഴ എന്ന് രേഖപ്പെടുത്തി 318 KM ആംബുലൻസ( രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് ഉത്തരവാദപ്പെട്ടവർ ആരും സാക്ഷ്യപ്പെടുത്താതിരിക്കുകയു( സർക്കാർ സംവിധാനത്തിലെ ഔദ്യോഗിക രേഖയായ ലോഗ്ബുക്ക് കൈകാര്യം ചെ( വീഴ്ച്ചയുണ്ട്.

നിലവിൽ 22 വാർഡുകളുള്ള പായിപ്ര ഗ്രാമ പഞ്ചായത്തിൽ പഞ്ചായത്തിന്റെ ഈ സേ( ഉപകാരപ്രദമാണെന്നിരിക്കെ ആംബുലൻസ് സർവ്വീസിന്റെ പ്രവർത്തനം സുതാര്യമല്ല എ( പരിശോധനയിൽ ബോധ്യപ്പെട്ടു. **2022-23 വർഷ ഓഡിറ്റ് റിപ്പോർട്ടിൽ വളരെ ഗൗരവമാ(**

**സംബന്ധിച്ച് പ്രതിപാദിച്ചിട്ടുണ്ടെങ്കിലും യാതൊരു വിധ പരിഹാരനടപടികളും ഉണ പരിശോധനയിൽ വ്യക്തമാകുന്നു.** കൂടാതെ രസീത് ബുക്ക് നഷ്ടപ്പെട്ടതും, വാഹനത്തിന്റെ ഉത്തരവാദപ്പെട്ട സെക്രട്ടറി സാക്ഷ്യപ്പെടുത്താത്തതും ഗൗരവമേറിയതാണ്. മേൽ വിഷയത്ത് അടിയന്തിര ശ്രദ്ധ പുലർത്തി തുടർ നടപടികൾ സ്വീകരിക്കുന്നത് ഉചിതമായിരിക്കും.

**<u>1-13 വരവിനങ്ങളുടെ പരിശോധന - കമ്മ്യൂണിറ്റി ഹാൾ വാടക പിരിവ് / രജിസ്റ്റർ പരിപാല അപാകതകൾ</u>**

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ള മൂന്ന് കമ്മ്യൂണിറ്റി ഹാൾ വാടകയ്ക്ക് നൽകിയ രജിസ്റ്റർ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

കമ്മ്യൂണിറ്റി ഹാളുകളുടെ വിവരം

| വാർഡ് | കളക്ട് ചെയ്യുന്ന വാടക - ജനറൽ | പട്ടികജാതി വിഭാഗത്തിന് |
|---|---|---|
| 17 | 2000 | 1000 |
| 16 | 5000 | 2500 |
| 12 | 5000 | 2500 |

1. ഓഡിറ്റോറിയം രജിസ്റ്ററിൽ 2024-25 വർഷത്തെ ആകെ വരവ് വിവരം രേഖപ്പെടുത്തിയില്ല

2. സാമ്പത്തിക വർഷം കണക്കാക്കി ഓഡിറ്റോറിയം ബുക്കിംഗ്, വാടക പിര് രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ബുക്കിംഗ് ലഭിച്ച വ്യക്തി തുക ഒടുക്കിയത് ഏ വർഷത്തേക്കാണ് എന്ന് മനസ്സിലാക്കുവാൻ കഴിയുന്നില്ല.

3. കമ്മ്യൂണിറ്റി ഹാൾ വാടകയ്ക്ക് നൽകുന്നതിന് വേണ്ടിയും ആയതിന്റെ വാടക നി വേണ്ടിയുമുള്ള കമ്മിറ്റി തീരുമാനം/ബൈലോ എന്നിവ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ലഭ്യമാ 22 വാർഡുകൾ ഉള്ള പായിപ്ര ഗ്രാമ പഞ്ചായത്തിൽ കമ്മ്യൂണിറ്റി ഹാളുകളുടെ സൗക ജനങ്ങൾക്ക് വലിയ ഉപകാരപ്രദമാണ്. കമ്മ്യണിറ്റി ഹാൾ രജിസ്റ്ററിൽ നിന്ന് വിവാഹ വരെ ഇവ നൽകുന്നുണ്ടെന്നത് വ്യക്തമാണ്. പഞ്ചായത്ത് നിവാസികൾക്ക് ഉപകാ സംവിധാനത്തിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തി തനത് വരുമാനം വർ കാര്യക്ഷമമായി ഇടപെടുന്നതിന് ഭരണസമിതിയും, സെക്രട്ടറിയും ശ്രദ്ധ പുലർത്തുന്നത് ഉചി

കമ്മ്യൂണിറ്റി ഹാൾ സംബന്ധിച്ച് വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയ 2025 നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല.

**<u>1-14 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല-₹ 60821 തടസ്സപ്പെടുത്തുന്നു.</u>**

| പ്രൊജക്റ്റ് നമ്പർ, പേര് | ആകെ അടങ്കൽ (₹) | ആകെ ചെലവ് (₹) | ബിൽ നമ്പർ/വൗച്ചർ നമ ചെക്ക് നമ്പർ/ തീയതി |
|---|---|---|---|
| 401/25, ഇലക്ട്രിക് പോസ്റ്റ് സ്ഥാപിക്കൽ വാർഡ് 16 | 65000.00 | 60821.00 | 42401476/31-03-2025 |

| (തനത് ഫണ്ട്) | | | |
|---|---|---|---|

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രോജക്ട് പ്രകാരം കെ.എസ്.ഇ.ബി.മൂവാറ്റുപുഴ ഡെപ്പോസിറ്റ് ചെയ്ത ₹60821/-ന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ ആവശ്യപ്പെട്ട എൻക്വയറി (നമ്പർ 18 തീയതി 27.08.2025) നൽകിയെങ്കിലും മറുപടി ലഭ്യമായി സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുകയായ ₹ 60821.00 ഓഡിറ്റിൽ തടസ്സപ്പെടുത്തു

**1-15 സ്വകാര്യ സ്ഥാപനത്തിൽ നിന്നും മെഡിസിൻ, ഉപകരണങ്ങൾ നേരിട്ട് വാങ്ങി**

| | |
|---|---|
| പ്രോജക്ട് | സമഗ്ര കാൻസർ നിയന്ത്രണ പരിപാടി-നാലാം ഘട്ടം(So) |
| പ്രോജക്ട് നം | 106/25 |
| അടങ്കൽ | ₹50000/-(Development Fund General) |
| ചെലവ്/ബിൽ നം | ₹40090/-(191/09.05.24/24120252098400140330292) |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) |

സ.ഉ(കൈ)നം.115/22,ത.സ്വ.ഭ.വ,തീ.28.05.2022 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.6-പെ 7.6.4-ഔഷധങ്ങൾ വാങ്ങൽ എന്ന ഉപഖണ്ഡികയിൽ ജില്ലാ മെഡിക്കൽ ഓഫീ അവയബിലിറ്റി സർട്ടിഫിക്കിറ്റില്ലാതെ മരുന്നുകളോ, അനുബന്ധ ഉപകരണങ്ങളോ അനുവദിക്കുന്നില്ല. മരുന്നുകൾ/അനുബന്ധ ഉപകരണങ്ങൾ നീതി മെഡിക്കൽ സ്റ്റോറുക മെഡിക്കൽ സ്റ്റോറുകൾ എന്നിവയിൽ നിന്നും നേരിട്ട് വാങ്ങാവുന്നതാണ്. ഇ നടത്തിപ്പിലേക്കായി ക്വട്ടേഷൻ/ടെൻഡർ നടപടികൾ സ്വീകരിക്കാതെ തന്നെ സ്ഥാപനമായ പെരുമ്പാവൂർ സർജിക്കൽസിൽ നിന്നും മെഡിസിൻ ഉപകരണങ്ങൾ റിഫർഷമെന്റ്,പ്രിന്റിംഗ് തുടങ്ങിയ ഇനങ്ങൾക്കും ഇതേ പ്രോജക്ടിൽ വകയിരുത്തിയിട്ടുണ്ട്.സർക്കാർ ഉത്തരവിനു വിരുദ്ധമായി പെരുമ്പാവൂർ സർജിക്കൽസിന് 35090/-രൂപ കൈമാറിയതിന് മറുപടി ലഭ്യമാക്കേണ്ടതാണെന്ന് വ്യക്തമാക്കി ഓഡ് നം.5/26.08.25 നൽകിയതിന് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ലാത്തതിനാലും തുടരുന്നതിനാലും ടി-യിനത്തിൽ ചെലവഴിച്ച 35090/-രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

**1-16 വയോജനങ്ങൾക്ക് ഹാപ്പി ക്ലിനിക്ക് പദ്ധതി**

1.

| | |
|---|---|
| പ്രോജക്ട് | വയോജനങ്ങൾക്കുള്ള പദ്ധതി ഹാപ്പി ക്ലിനിക്ക് (SO) |
| പ്രോജക്ട് നം | 107/25 |
| അടങ്കൽ | ₹498726/-(Development Fund General) |
| ചെലവ്/ബിൽ നം | ₹498726/-(571/25.03.24/23120252098401523952,<br>198/9.5.24/24120252098400140358, |

| | |
|---|---|
| | 197/9.5.24/24120252098400140351,<br>196/9.5.24/24120252098400140330,<br>194/9.5.24/2412052098400140119,<br>572/25.3.24/23120252098401524010) |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.എസ്) |

2.

| | |
|---|---|
| പ്രോജക്ട് | വയോജനങ്ങൾക്കുള്ള പദ്ധതി ഹാപ്പി ക്ലിനിക്ക് (New) |
| പ്രോജക്ട് നം | 16/25 |
| അടങ്കൽ | ₹2300000/-[1350000/-(Development Fund General), 950000-(Own Fu |
| ചെലവ്/ബിൽ നം | ₹ 658701/-(Development Fund General)<br>(800/23.03.25/24120252098401655864,<br>394/23.10.24/24120252098400812721,<br>275/6.8.24/24120252098400506878,<br>256/10.7.24/24120252098400392151,<br>245/26.6.24/2412052098400323218,<br>234/20.6.24/241202522098400303747)<br>₹1443290/-(Own Fund) 841/26.3.25,801/23.3.25, 417/07.11.24, 368/4.1<br>349/27.9.24) |
